മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

സർക്കുലർ നമ്പർ: 198

നമ്മുടെ അധികാരത്തിൽപ്പെട്ട സഭാ പള്ളികളുടെയും വികാരിമാരും, ദേശത്ത് പട്ടക്കാരും, പള്ളികൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്

കർത്താവിൽ വാത്സല്യമുള്ളവരെ,

2026 നവംബർ 22-ാം തീയതി പ്രവാസി ഞായർ (Diaspora Sunday) ആയി സഭ വേർതിരിച്ചിരിക്കുകയാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അധിവസിക്കുന്ന നമ്മുടെ സഭാംഗങ്ങളായ പ്രവാസി സമൂഹം വ്യത്യസ്തമായ ജീവിതസാഹചര്യങ്ങളിലും സംസ്കാരങ്ങളിലും ജീവിക്കുമ്പോഴും മാർത്തോമ്മാ സഭയുടെ വിശ്വാസത്തിലും പാരമ്പര്യത്തിലും ഉറച്ചുനിന്നുകൊണ്ട് സഭയുടെ ആത്മീയവും ഭൗതികവുമായ വളർച്ചയിലും സഭയുടെ വിവിധ ശുശ്രൂഷകളിലും അവർ സജീവമായി പങ്കുചേരുന്നത് ഏറെ സന്തോഷകരമാണ്.

വിദേശരാജ്യങ്ങളിലും ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലുമായി ജീവിക്കുന്ന നമ്മുടെ സഹോദരങ്ങൾ സഭയുടെ സാക്ഷ്യവും ശുശ്രൂഷയും തങ്ങളുടെ ജീവിതത്തിലൂടെ മറ്റുള്ളവർക്ക് പകരുന്നതിൽ ദൈവത്തെ സ്തുതിക്കാം. ഇടവകകളുടെയും ഭദ്രാസനങ്ങളുടെയും സഭയുടെയും പ്രവർത്തനങ്ങൾക്ക് അവർ നൽകിവരുന്ന പിന്തുണയും സഹകരണവും നന്ദിയോടെ സ്മരിക്കുന്നു. ആഗോളതലത്തിൽ മാറിവരുന്ന പുത്തൻ പ്രവണതകളും യുദ്ധസാഹചര്യവും മൂലം പ്രവാസഭൂമിയിൽ അനേകർ ഭീതിയിലും തൊഴിൽരഹിതരായും കഴിയുന്നു. ഇപ്രകാരം പ്രവാസജീവിതത്തിൽ നേരിടുന്ന വെല്ലുവിളികളിലും പ്രതിസന്ധികളിലും ദൈവാശ്രയവും വിശ്വാസസമൂഹത്തിന്റെ കരുതലും അവർക്ക് ശക്തിയും പ്രത്യാശയും പകരട്ടെ.

ഉന്നത വിദ്യാഭ്യാസത്തിനും തൊഴിലിനുമായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് പോകുന്ന നമ്മുടെ യുവജനങ്ങളെ അവർ അധിവസിക്കുന്ന ദേശങ്ങളിൽ ക്രൈസ്തവ വിശ്വാസത്തിൽ ഉറപ്പിച്ചുനിർത്തുന്നതിനും സഭയുടെ ആത്മീയ കൂട്ടായ്മയോട് ചേർത്തുനിർത്തുന്നതിനും ഓരോ ഇടവകയ്ക്കും പ്രത്യേക ഉത്തരവാദിത്വമുണ്ട്. പ്രവാസജീവിതം നയിക്കുന്നവരുമായി നിരന്തരമായ ബന്ധം പുലർത്തുകയും അവരുടെ ആത്മീയവും സാമൂഹികവുമായ ആവശ്യങ്ങളിൽ ആവശ്യമായ മാർഗ്ഗനിർദ്ദേശവും പിന്തുണയും നൽകുകയും വേണം. വിദേശരാജ്യങ്ങളിൽ ആരാധനയ്ക്കും ആത്മീയ കൂട്ടായ്മക്കും അവസരമൊരുക്കുന്നതിനും പ്രാദേശിക തലത്തിലുള്ള മാർത്തോമ്മാ കൂട്ടായ്മകൾ ശക്തിപ്പെടുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

ഇതുവരെ നമ്മെ വഴിനടത്തിയ ദൈവത്തിന് സ്തുതി സ്ത്രോതങ്ങൾ അർപ്പിക്കുന്നതിനും പ്രവാസ ജീവിതം നയിക്കുന്ന സഹോദരങ്ങളോടുള്ള നമ്മുടെ ഐക്യവും കരുതലും പുതുക്കുന്നതിനും അവരുടെ ജീവിതത്തെയും ശുശ്രൂഷകളെയും ദൈവസന്നിധിയിൽ സമർപ്പിക്കുന്നതിനുമുള്ള അവസരമാണ് പ്രവാസി ഞായർ (Diaspora Sunday). എല്ലാ ഇടവകകളിലും ഈ ദിനം അർത്ഥവത്തായി ആചരിക്കുകയും പ്രവാസികളായ നമ്മുടെ സഹോദരങ്ങൾക്കും അവരുടെ കുടുംബങ്ങൾക്കും വേണ്ടി പ്രത്യേകമായി പ്രാർത്ഥിക്കുകയും ചെയ്യണമെന്ന് ഉദ്ബോധിപ്പിക്കുന്നു. സഭയുടെ ആഗോള സാക്ഷ്യത്തിലും ദൈവരാജ്യത്തിന്റെ ശുശ്രൂഷയിലും അവരുടെ പങ്കാളിത്തം കൂടുതൽ ഫലപ്രദമാകുന്നതിന് എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

നമ്മുടെ കർത്താവേശു മ്ശിഹായുടെ കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ

എന്ന് ക്രിസ്താബ്ദം 2026 നവംബർ മാസം 04-ാം തീയതി തിരുവല്ല പുലാത്തീനിൽ നിന്നും

ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ

FROM THE APOSTOLIC SEE OF MALANKARA
METROPOLITAN DR. THEODOSIUS MAR THOMA

Circular No. 198

Blessings to all the Vicars, resident clergy, trustees and members of all the parishes under our authority.

Dearly beloved in Christ,

The Church has set apart Sunday, November 22, 2026, as Diaspora Sunday. It is a matter of great joy that our members residing in different parts of the world, despite living in diverse circumstances and cultures, remain steadfast in the faith and traditions of the Mar Thoma Church and actively participate in the spiritual and material growth of the Church and its various ministries.

We give thanks to God for our brothers and sisters living in foreign countries and different parts of India, who bear witness to the faith and ministry of the Church through their lives. We rejoice and praise God for the meaningful contributions of Mar Thoma believers residing in various parts of the world to the mission and witness of our parishes, dioceses, and Church. However, owing to changing global trends and prevailing war situations, many among our diaspora community are living in fear and facing unemployment in their places of residence. May God's providence and the care of the faith community strengthen and give hope to those who encounter challenges and difficulties in their lives abroad.

Every parish has a special responsibility to ensure that our young people who move to different parts of the world for higher education and employment remain rooted in the Christian faith and connected to the spiritual fellowship of the Church. It is essential to maintain regular contact with those living abroad and extend necessary guidance and support to meet their spiritual and social needs. Due attention should also be given to providing opportunities for worship and spiritual fellowship in foreign countries and strengthening local Mar Thoma congregations.

Diaspora Sunday is a day for the Church to offer praise and thanksgiving to God who has led us thus far, to renew our unity and care for those living abroad, and and to commit their lives and ministries into God's hands and to offer special prayers for our brothers and sisters living in the Diaspora and their families. We earnestly request the prayers and cooperation of all so that their participation in the global witness of the Church and the ministry of the Kingdom of God may become increasingly fruitful.

May God’s grace be with you all.

Dated 4th November 2026 from Poolatheen, Thiruvalla

Dr. Theodosius Mar Thoma Metropolitan